(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾക്ക് എമർജൻസി സെൽ സംവിധാനം

*3 [336] ശ്രീ. ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ:
,, സാജു പോൾ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എമർജൻസി സെൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) റോഡിന്റെ അറ്റകുറ്റപ്പണികളിലും റോഡുകളുടെ വികസന പ്രവർത്തനങ്ങളിലും വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റോഡുപണികൾക്ക് കരാർ നൽകുന്നതിന് മുൻപുതന്നെ ഇലക്ട്രിക് ലൈനുകൾ, കേബിളുകൾ, പൈപ്പുലൈനുകൾ, എന്നിവ മാറുന്ന കാര്യം പരിഗണിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഉദ്ദേശിക്കുന്നുണ്ട്. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) വിവിധ വകുപ്പുകളുടെ ഏകോപന സമിതി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിച്ചു വരുന്നുണ്ട്. പൊതു പ്രവർത്തന രൂപരേഖയും നിശ്ചയിച്ചിട്ടുണ്ട്. റോഡുകൾ വെട്ടിക്കുഴിക്കുന്നത് ഒഴിവാക്കാനായി മരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ബി. എസ്. എൻ. എൽ. എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ സംവിധാനം നിലവിലുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

ആദിവാസി വൈദ്യൻമാരുടെ വിജ്ഞാനവും മരുന്നുകളും സംരക്ഷിക്കുവാൻ നടപടി

*4 [337] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. സുധാകരൻ:
,, ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സഹകരണ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ആദിവാസി വൈദ്യൻമാരുടെ വൈദ്യജ്ഞാനവും അവരുടെതായ മരുന്നുകളും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) വിദേശികൾ ആദിവാസികളുമായി സഹവസിച്ച് അവരുടെ വൈദ്യവിജ്ഞാനം പുറംനാടുകളിലേക്ക് കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു തടയുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ആദിവാസി വൈദ്യൻമാരുടെ അറിവുകൾ ശേഖരിക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് ഡേറ്റാ ബേസ് ഉണ്ടാക്കി സൂക്ഷിക്കുന്നതിനും അവയുടെ ഉടമസ്ഥാവകാശം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനും പാലോട് ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡന്റെ ആഭിമുഖ്യത്തിൽ പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന "പോറൻ" സെല്ലിൽ പൗരാണിക ചികിത്സാ വിജ്ഞാനങ്ങൾ ശേഖരിച്ച് സംരക്ഷിക്കാനുമുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്.

കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ആദിവാസി വൈദ്യൻമാരുടെ വൈദ്യ വിജ്ഞാനവും മരുന്നുകളും സംരക്ഷിക്കുവാൻ ശിൽപ്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. വംശീയ വൈദ്യത്തിൽ പട്ടികവർഗ്ഗ യുവാക്കൾക്കായി 4 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഏർപ്പെടുത്തുകയും ഇത് വിജയകരമായി പൂർത്തിയാക്കിയ 3 യുവാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

കൂടാതെ വംശീയവൈദ്യൻമാർക്ക് പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കുന്നതിനും ഔഷധ നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതിനു പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 4 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. ഇതിൽ അമ്പതു ശതമാനം ഗ്രാന്റാണ്. ജനങ്ങളിൽ വംശീയ വൈദ്യം സംബന്ധിച്ച അവബോധം വളർത്തുന്നതിനായിട്ടുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കിർത്താഡ്സ് സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ പാരമ്പര്യ അറിവ് ചൂഷണം ചെയ്യപ്പെടാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

എസ്. എസ്. എ. സ്കീമനുസരിച്ച് അദ്ധ്യാപക പരിശീലനം

[338] ശ്രീ. കെ. മോഹൻകുമാർ:
" എം. എം. ഹസ്സൻ:
" ഒ. എ. ചന്ദൻ:
" കെ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) എസ്. എസ്. എ. സ്കീമനുസരിച്ച് അദ്ധ്യാപക പരിശീലനം നടത്തുന്നത് എപ്പോഴാണ്;

LIBRARY ARCHIVES Kerala Legislative Assembly